# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3021      21 .06.2013 - ലെ മറുപടിക്ക്

### കെട്ടിട നിർമ്മാണ നടപടികൾ കമ്പ്യൂട്ടർവൽക്കരിക്കാൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:<br>ശ്രീ. പാലോട് രവി:<br>ശ്രീ ഷാഫി പറമ്പിൽ:<br>ശ്രീ എ.പി. അബ്ദുള്ളക്കുട്ടി: | ശ്രീ.മഞ്ഞളാംകുഴി അലി<br>(ബഹു. നഗരകാര്യവും<br>ന്യൂനപക്ഷക്ഷേമവും<br>വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) സംസ്ഥാനത്തെ മുൻസിപ്പാലിറ്റികളിലെ കെട്ടിട നിർമ്മാണ നടപടികൾ കമ്പ്യൂട്ടർവൽക്കരിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | (എ) സംസ്ഥാനത്തെ മുൻസിപ്പാലിറ്റികളിലെ കെട്ടിട നിർമ്മാണ അനുമതി ഓൺലൈൻ ആക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) ഇതിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.<br>1. പെർമിറ്റ് നൽകുന്ന നടപടി സുതാര്യവും, കാര്യക്ഷമവുമായി നടപ്പിലാക്കാൻ കഴിയുന്നു.<br>2. ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പു വരുത്തുന്നു.<br>3. നിയമാനുസൃത നിബന്ധനകൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ സാധിക്കുന്നു.<br>4. സമയബന്ധിതമായി കെട്ടിടനിർമ്മാണ അനുമതി നൽകാൻ കഴിയുന്നു.<br>5. കെട്ടിടനിർമ്മാണ പെർമിറ്റുകൾ നൽകുന്നതിന് മുൻഗണനാക്രമം കൃത്യമായും പാലിക്കാൻ കഴിയുന്നു. |
| (സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; | (സി) ഇൻഫർമേഷൻ കേരള മിഷൻ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |

| | |
|---|---|
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷകൾ ഓൺലൈൻ ആയി സ്വീകരിക്കുന്നതിന് ഇൻഫർമേഷൻ കേരള മിഷൻ ഒരു സോഫ്റ്റ് വെയർ വികസിപ്പിച്ചെടുത്തിട്ടുണ്ട്. സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട മുൻസിപ്പാലിറ്റികളിൽ പൈലറ്റ് അടിസ്ഥാനത്തിൽ ഓൺലൈൻ ആയി കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ